

# വചനഭാഷ്യം അൽമായ വീക്ഷണത്തിൽ

*Laity Reflect on*
**Syro-Malabar Sunday Mass**
**SCRIPTURE READINGS**

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

7-ാം വർഷം

2022
ഏപ്രിൽ 14

പെസഹാവ്യാഴം



# ജലകുംഭം ചുമന്നുകൊണ്ടൊരു മനുഷ്യൻ

പുറ 12:1 - 14, 21 - 28, എസ 45 :18 - 25, 1 കോറി 5 :6-8,11:23 - 30
ലൂക്ക 22 :7 - 13, യോഹ 13 :1-15, ലൂക്ക 22 :15 - 21

കടലിൽ നിന്നൊരു കുടം വെള്ളവുമായി മാനത്തു പാഞ്ഞോടിയെത്തുന്ന കരിമുകിലിനെ കൊതിയോടെ കാത്തുനിൽക്കുന്ന കർഷകമനസിന്റെ പ്രായം കണക്കാക്കാനാവുമോ? എളുപ്പമല്ല അത്. മണ്ണിനെ ഋതുമതിയാക്കി ഊഷരതയിൽ നിന്നും ഉർവരതയിലേക്ക് പരിവർത്തിപ്പിക്കുന്നതുകൊണ്ടു മാത്രമല്ല, ചലനാത്മകമായ ഈ ജീവൗഷധത്തെ മാറ്റി നിറുത്തിയാൽ ജീവിതം ശുഷ്കവും തീർത്തും അസാധ്യവുമാവും എന്ന തിരിച്ചറിവും ഈ കാത്തുനിൽപ്പിന് പിന്നിലുണ്ട്. അതെ, പൂർണതയുടെ പ്രതീകമാകുന്നു നിറകുംഭം ! ഭാരതീയശുഭശകുനങ്ങളിൽ നിറകുടം ഇടം പിടിച്ചത് വെറുതെയല്ല. വേദപുസ്തകത്തിലുമുണ്ട് നിറകുംഭങ്ങൾ ! ആലങ്കാരികമായല്ല, അക്ഷരാർത്ഥത്തിൽത്തന്നെ. വേദപുസ്തകത്തിൽ വിവരിച്ചിട്ടുള്ള, അത്തരത്തിലുള്ള ചില സവിശേഷ സന്ദർഭങ്ങളിലൂടെ ഈ പെസഹാക്കാലത്ത് ഒന്നു കടന്നുപോകട്ടെ. പെസഹാ എന്ന വാക്കിനു തന്നെ കടന്നുപോകൽ എന്നാണല്ലോ അർത്ഥം.

## പൊന്നിൻകുടത്തിന് പൊട്ടെന്തിന്?

ഇസഹാക്കിന് ഭാര്യയെ തെരഞ്ഞെടുക്കുന്ന ഘട്ടത്തിലാണ് വേദപുസ്തകത്തിൽ



ജോസ് മാത്യു മൂഴിക്കുളം

ആദ്യമായി നിറകുംഭം കടന്നു വരുന്നത്. ദാഹിക്കുന്ന ഒട്ടകങ്ങൾക്കുൾപ്പെടെ സകലർക്കും കിണറ്റിൻകരയിൽ കുടവുമായി ഓടിനടന്ന് വെള്ളം പകർന്നു കൊടുക്കുന്ന റബേക്കായുടെ ചടുലത എത്ര ചേതോഹരം ! കണ്വാശ്രമത്തിലെ മുനികന്യ ശകുന്തള, ജലപാനം പോലും ചെയ്യാതെ, സർവചരാചരങ്ങൾക്കും ഓടിനടന്ന് തണ്ണീർ തേവുന്ന തുപോലെയുള്ള സുന്ദരരംഗം ഇതും. ജീവിതത്തിൽ ഒരിക്കൽ മാത്രം റബേക്ക ചെയ്തു പോയ ഒരു പ്രവൃത്തിയായി ഇതിനെ കാണാനാവില്ല. ദിനചര്യയുടെ ഭാഗമാവണം ഇതും. ആയിരങ്ങളുടെയും പതിനായിരങ്ങളുടെയും അമ്മയായി ജീവിതത്തിൽ റബേക്ക ഉയർത്തപ്പെട്ടത് മരുഭൂമിയിലെ മിണ്ടാപ്രാണികളുടെ പൈദാഹമകറ്റിയിരുന്നതിനാൽ മാത്രമാവണം.

## മലിനമായ മൺകുടമങ്ങേ തിരുപ്പാദസന്നിധിയിൽ

കുടവുമായി വേദപുസ്തകത്തിൽഎത്തുന്ന രണ്ടാമത്തെ വ്യക്തി സമരിയാക്കാരി സ്ത്രീയാണ്.പൂർവപിതാവായ യാക്കോബിന്റെ കിണറ്റിൻകരയിൽ ആണ് സംഭവം.വെള്ളം കോരാൻ ഇടറിയ പാദങ്ങളുമായിവന്ന ആ പെണ്ണ്, കുടിച്ചാൽ വീണ്ടുമൊരിക്കലും ദാഹിക്കാത്ത സാക്ഷാൽ ജീവജലത്തെക്കുറിച്ച് ദൈവപുത്രനിൽ നിന്നുതന്നെ അറിയുന്നു. അറിഞ്ഞ മാത്രയിൽ, തന്റെ മലിനകുടം എന്നന്നേയ്ക്കുമായി ഉപേക്ഷിച്ചോടുകയാണവൾ. ലോത്തിന്റെ ഭാര്യയെപ്പോലെ പിന്നൊരു തിരിഞ്ഞുനോട്ടം പോലുമില്ല, അവൾക്ക്. എന്തിനിനി തിരിഞ്ഞു നോക്കണം? ജീവന്റെ നിറകുടത്തെത്തന്നെയല്ലേ ഇപ്പോൾ അവൾ തെരഞ്ഞെടുത്തുകഴിഞ്ഞിരിക്കുന്നത് ! കിണറ്റിൻകരയിൽ യേശുവിന്റെ പാദാന്തികത്തിങ്കൽ ഇട്ടിട്ടുപോയ പൂർവാശ്രമത്തിലെ ആ കുടത്തെ യോഹന്നാൻ ശ്ലീഹാ ക്ലോസ് ഷോട്ടിൽ കാണിച്ചുതരുന്നുപോലുമുണ്ട്, വേദപുസ്തകത്തിൽ.

## കുംഭേ നിറഞ്ഞു നീരം ....

ജലവും കുടവും സംഗമിക്കുന്ന മൂന്നാമത്തെ രംഗം ഇന്നത്തെ സുവിശേഷത്തിലാണുള്ളത്. “ഇതാ നിങ്ങൾ പട്ടണത്തിലേയ്ക്കു പ്രവേശിക്കുമ്പോൾ ഒരു കുടം വെള്ളം ചുമന്നുകൊണ്ട് ഒരുവൻ നിങ്ങൾക്കെതിരെ വരും. അവൻ പ്രവേശിക്കുന്ന വീട്ടിലേയ്ക്കു നിങ്ങൾ അവനെ പിന്തുടരുക. ആ വീടിന്റെ ഉടമസ്ഥൻ പെസഹാ ആചരിക്കാനുള്ള വിരുന്നുശാല കാണിച്ചു തരും”..... ജലവുമായി പ്രത്യക്ഷപ്പെടുന്ന ഈ പുരുഷൻ ആരായിരിക്കാം? യഹൂദപശ്ചാത്തലത്തിൽ ചിന്തിച്ചാൽ ഒരടിമയാവാനാണ് സാധ്യത. ഒരടിമ തന്നെ ഇവിടെ ഈ പെസഹാത്തിരുന്നാളിൽ ഒരടയാളമാവുന്നത് യാദൃശ്ചികമാവില്ല.

നൂറ്റാണ്ടുകളായി അടിമത്വത്തിന്റെ നുകം ചുമന്നിരുന്ന ഇസ്രായേല്യരെ ഈ പെസഹാക്കാലത്ത് പിന്നിട്ട ഭാരവഴികൾ ഓർമ്മിപ്പിക്കാൻ വേറേതുണ്ട് ഇതിലും നല്ലൊരടയാളം ? തങ്ങളുടെ ശിരസിനു മുകളിലൂടെ പാഞ്ഞൊഴുകേണ്ടിയിരുന്ന ചെങ്കടലിലേയും ജോർദാൻ നദിയിലെയും ജലപ്രവാഹസ്മരണകളിൽ നനഞ്ഞു കുളിക്കാൻ വേണ്ടിയാവണം ജലം ചുമക്കുന്ന പുരുഷൻ ഇവിടെ കടന്നു വരുന്നത്.

‘അവിടുന്നു സമുദ്രത്തെ ഉണങ്ങിയ നിലമാക്കി ,അവർ അതിലൂടെ നടന്നു നീങ്ങി....’ എന്ന സങ്കീർത്തകന്റെ ഉണർത്തുപാട്ട് (സങ്കീ.66:6) ഈ അടയാളം നൽകുമ്പോൾ തമ്പുരാന്റെ ഉള്ളിൽ ഉച്ചത്തിൽ മുഴങ്ങുന്നുണ്ടാവണം. ശിഷ്യരുടെ വരണ്ടുണങ്ങിയ പാദങ്ങളിൽ വെള്ളമൊഴിച്ച് ഭൂതകാലത്തിലെ സമ്പന്നമായ ആ കടന്നുപോരലുകളെ വീണ്ടും ചുംബിച്ചുണർത്തുകയായിരുന്നില്ലേ പൊന്നുതമ്പുരാൻ? പോരാഞ്ഞിട്ട് ഒരു കച്ചയെടുത്ത് അരയിൽ ചുറ്റിക്കൊണ്ട് സ്വയം ഒരടിമയായും അവിടുന്ന് മാറുന്നുമുണ്ട്.പാപത്തിന്റെ

അടിമത്വത്തിൽ നിന്ന് എന്നെയും നിന്നെയും മോചിപ്പിക്കാൻ വേണ്ടി ഒരടിമയായും അവിടുന്ന് മാറിക്കഴിഞ്ഞു.‘വിശുദ്ധിയോടെ ഭൂമിയിൽ നടന്നുകൊള്ളുക നീയിനി. നിർമ്മലഹൃദയത്തോടെ പെസഹായും ഭക്ഷിച്ചു കൊള്ളുക ... നിന്നിലെ അശുദ്ധിയുടെ പാദരേണുക്കളെപ്പോലും ഞാനിതാ ഒപ്പിയെടുത്തിരിക്കുന്നു ....’

## പടിക്കൽ കുടമുടയ്ക്കുകയോ

പടിക്കൽ കുടമുടയ്ക്കരുതെന്ന് പഴമൊഴി.എന്നാൽ നാളിതുവരെ ജീവിതത്തിന്റെ ഭാഗമായി ആരുമറിയാതെ കൊണ്ടു നടന്ന നമ്മുടെ ആസക്തിയുടെ കുടങ്ങളെക്കുറിച്ചുള്ള തിരിച്ചറിവ്, ജീവിതത്തിന്റെ സായന്തനത്തിൽ നിത്യജീവഗൃഹത്തിന്റെ പടിക്കൽ വച്ചാണ് ഒരുവന് കിട്ടുന്നതെങ്കിലോ? ആ തിരിച്ചറിവുപോലും കിട്ടാത്തവർ എത്രയോ. ഏതു പ്രായത്തിലും, ജീവിതത്തിന്റെ സായന്തനത്തിലാണെങ്കിൽപ്പോലും, തിരിച്ചറിവു കിട്ടുന്ന മാത്രയിൽ കുടം തമ്പുരാന്റെ കാൽക്കൽ സമർപ്പിക്കണം. തിരിച്ചറിവു നേടിയ സമരിയാക്കാരി ചെയ്തത് അതാണ്. ഇല്ലെങ്കിൽ നിത്യഗേഹത്തിലേയ്ക്ക് നമുക്ക് പ്രവേശനമുണ്ടാവില്ല.അതോടൊപ്പം കുടത്തിന്റെ പ്രത്യേക ആകൃതിപോലെ കുടുന്നുബുദ്ധികളെന്ന് ലോകം പരിഹസിക്കുന്നവരെക്കുറിച്ചു പോലും നമ്മുടെ ഉള്ളിൽ കരുണയുണ്ടാവണം. അവരിൽ ചിലർ പിറന്നതു തന്നെ കുടത്തിലായിരിക്കാം. ഏകലവ്യന്റെ പെരുവിരൽ തന്നെ മുറിക്കാൻ കാരണമായ ദ്രോണർ ജനിച്ചത് കുടത്തിലായിരുന്നുവത്രേ. ലോകമെങ്ങും നിറയുന്ന ആകാശം കുടത്തിലുമുണ്ടെന്നും തിരിച്ചുവരവിന് ഇനിയും അവർക്ക് സാധ്യതകൾ ഉണ്ടെന്നും നാം ഓർക്കേണ്ടതുണ്ട്. എല്ലാ മുൻവിധികളേയും മാറ്റി നിറുത്തുക. അഴകാർന്ന കുടങ്ങൾ ജലസേചനത്തിന് സാധ്യമാവണമെന്നില്ല. ഞണുങ്ങിയ വക്കാർന്നതും ദ്വാരങ്ങളുള്ളതുമായ കുടം ഉപയോഗിച്ച് വെള്ളം കൊണ്ടുപോകുന്ന വഴിത്താരകളും പൂക്കളാൽ അലംകൃതമാകാറുണ്ടല്ലോ.

## കുടം കമഴ്ത്തി വെള്ളമൊഴിക്കരുത്

സർവചരാചരങ്ങൾക്കും കുടത്തിലെ വെള്ളം പകർന്നു കൊടുത്തുകൊണ്ട് സർവരുടെയും അമ്മയെപ്പോലെ ശോഭിച്ച റബേക്ക ജീവിതനാൾവഴികളിൽ കുടം പോലെ കുടുന്നുബുദ്ധിയായിപ്പോകുന്ന ദയനീയകാഴ്ചയും ഉൽപത്തിപുസ്തകത്തിലുണ്ട്. തന്റെ മക്കളിൽ യാക്കോബിനെ ഹൃദയത്തോട് ചേർത്തു പിടിക്കുന്ന റബേക്ക, മകനാണെന്നുള്ള പരിഗണനപോലും നൽകാതെ ഏസാവിനെ പൂർണ്ണമായും വഞ്ചിക്കുന്നതും നാം കാണുന്നു. റബേക്കായുടെ സകല പുണ്യപ്രവൃത്തികളും തകർന്ന കുടത്തിൽ നിന്നെന്നപോലെ ഇവിടെ ചോർന്നൊലിക്കുകയാണ്. ഓർക്കുക- ജീവിതത്തിൽ നന്മകൾ ഒരുപാട് ചെയ്തിട്ടുള്ളവരാകാം നമ്മൾ. ശ്വാസം നിലയ്ക്കുന്നതു വരെ ഇനിയും അത് തുടരേണ്ടതായിട്ടുണ്ട്

## സ്മരണയുടെ കുംഭങ്ങൾ

‘ഓർമ്മകൾ ഉണ്ടായിരിക്കണം, കടന്നുവന്ന വഴികളും നേടാനിരിക്കുന്ന ലക്ഷ്യങ്ങളും’...

(ഖലീൽ ജിബ്രാൻ). ഈ പെസഹാരാത്രിയിൽ ഓർമ്മിക്കുവാൻ എന്തുമാത്രം സംഗതികളാണ് ജീവിതത്തിൽ. ജീവിതത്തിലെ കട്ടിളപ്പടികളിൽ, കുഞ്ഞാടിന്റെ രക്തം തളിക്കപ്പെട്ടതിനാൽ മാത്രം, കഠിനമായ ശിക്ഷയിൽ നിന്ന് രക്ഷപ്പെട്ട എത്രയോ സംഭവങ്ങൾ എന്റെ ജീവിതത്തിൽ ?അത്തരം കടന്നുപോകലുകളെക്കുറിച്ച് ഓർമ്മിക്കേണ്ട ദിനമല്ലേ ഇന്ന് ? പാപത്തിന്റെ ഈജിപ്തിൽ നിന്ന് എന്റെ പൊന്നു തമ്പുരാൻ, എത്രയോ വട്ടം എന്നെ കൈക്കു പിടിച്ച് പുറത്തേയ്ക്ക് കൊണ്ടുവന്നിരിക്കുന്നു? ജീവിതയാത്രയിൽ ദാഹിച്ചു തൊണ്ട വലഞ്ഞപ്പോൾ പാറയിൽ നിന്നു പോലും എത്രയോ വട്ടം എനിക്കായി വെള്ളം തന്നിരിക്കുന്നു ? രാത്രിയുടെ ഇരുട്ടിൽ ഞാൻ തപ്പിത്തടഞ്ഞപ്പോൾ അഗ്നിസ്തംഭമായി എത്രയോ വട്ടം എനിക്കു ചൂടും വെട്ടവും തന്നിരിക്കുന്നു ?

വെയിലേറ്റ് വാടി വീഴാതിരിക്കാൻ എത്രയോ വട്ടം എന്നെ മേഘക്കുട ചൂടിച്ചിരിക്കുന്നു? വിശക്കുന്ന എന്റെ വീട്ടുമുറ്റത്ത്, പ്രഭാതത്തിൽ മറ്റാരും കാണുന്നതിനും മുന്നേ വന്ന് എത്രയോ വട്ടം മന്നാ പൊഴിച്ചിരിക്കുന്നു ? കാലിയായ എന്റെ തീൻമേശകളെ രാജകീയമാക്കാൻ, എത്രയോ വട്ടം കാടപ്പക്ഷികളെ കൂട്ടത്തോടെ അയച്ചു തന്നിരിക്കുന്നു..... മറക്കാമോ തമ്പുരാന്റെ ഈ ഇടപെടലുകളെ ?.... പാടില്ല . മറന്നാൽ പിന്നെ ഞാനൊരു മനുഷ്യനോ?... ഈ പെസഹാ രാത്രിയിൽ മിഴി പൂട്ടി ധ്യാനത്തിലാവുക .

ഈ കടന്നു പോരലുകൾ മാത്രമോ ? പോരാ. ഓർമ്മിക്കുവാൻ ഇനിയുമുണ്ട് ധാരാളം. പൗലോസ് ശ്ലീഹാ ഇന്നത്തെ വായനയിലൂടെ വ്യക്തമായി നമുക്കത് വിശദീകരിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നുണ്ട്. 'നിങ്ങൾ ഈ അപ്പം ഭക്ഷിക്കുകയും ഈ പാത്രത്തിൽ നിന്നു പാനം ചെയ്യുകയും ചെയ്യുമ്പോഴെല്ലാം കർത്താവിന്റെ മരണം, അവന്റെ പ്രത്യാഗമനം വരെ പ്രഖ്യാപിക്കുകയാണ് ചെയ്യുന്നത്' (1 കോറി 11:26). അതെ, ക്രിസ്തുവിന്റെ പ്രത്യാഗമനത്തെക്കുറിച്ചു ധ്യാനിക്കാനുള്ള കാലം കൂടിയാകുന്നു, പെസഹാക്കാലം.... അന്ന് അവൻ മോശയെപ്പോലെ നമ്മെ നയിക്കും. അവന്റെ കൈയും പിടിച്ച് സ്വർഗ്ഗീയകാനാൻ നാട്ടിലേയ്ക്ക് ഉള്ള വിശിഷ്ടമായ ആ കടന്നുപോകലിനെക്കുറിച്ചും നമുക്ക് ഏറെ ധ്യാനിക്കേണ്ടേ ഇന്ന് ....

## കുടത്തിലെ വിളക്കണഞ്ഞപ്പോൾ

കുടുംബവിളക്ക് ആയിരുന്നിട്ടും കുടത്തിനുള്ളിലെ വിളക്ക് പോലെ ജീവിക്കേണ്ടി വന്ന ഒരു പാവം സ്ത്രീയുടെ കഥ പറയുന്നുണ്ട്, മാധവിക്കുട്ടി-

'നെയ്പ്പായസ'ത്തിൽ. അടുക്കളമൂലയിലെ ഒരു ചുലിനടുത്ത് ഒരു ദിവസം അവൾ മരിച്ചുവീഴുകയാണ്, അപ്രതീക്ഷിതമായി. ഓരോരുത്തർക്കും ഇഷ്ടപ്പെട്ട ഭക്ഷണം മുന്നേതന്നെ അവൾ ഒരുക്കി വച്ചിരുന്നു. ചപ്പാത്തി, ഉരുളക്കിഴങ്ങ് കറി പിന്നെ ഒരു പാത്രത്തിൽ നെയ്പ്പായസവും. ശവദാഹത്തിനു ശേഷം തിരിച്ചെത്തിയ കുടുംബനാഥൻ വിശക്കുന്ന മക്കൾക്കായി അവളൊരുക്കിയ അവസാനഭക്ഷണം വിളമ്പിക്കൊടുക്കുകയാണ്. 'നല്ല അസ്സല് നെയ്പായസാ അമ്മ ഉണ്ടാക്കീതെ'ന്നുള്ള കുഞ്ഞുമക്കളുടെ വാക്കുകൾ അയാളുടെ ചങ്കുതകർക്കുന്നു. അതെ, നമ്മുടെ പൊന്നു തമ്പുരാനും ഈ പെസഹാരാത്രിയിൽ തന്നെത്തന്നെ നമുക്കായി മുറിച്ചുനൽകുകയാണ്. ഗാഗുൽത്താമാമലയിൽ പിറ്റേന്ന് ചുട്ടെടുക്കാൻ പോകുന്ന പെസഹാ അപ്പമാണ് തലേന്നുതന്നെ നമുക്കായി അവിടുന്ന് കീറിമുറിച്ച് വിളമ്പുന്നതെന്നറിയുക ! വിളമ്പുകാരനും അപ്പവും എല്ലാം ഒരാൾ തന്നെ. ലോകമാകുന്ന കുടുംബത്തിനു മുഴുവനുമായിട്ടായിട്ടാണ് ഈ ഭക്ഷണം അന്നത്തെ ആ പെസഹാ രാത്രിയിൽ, ആദ്യമായി തമ്പുരാൻ ചുട്ടെടുത്തത് !അനുദിനബലിയർപ്പണങ്ങളിൽ ഇപ്പോഴും തയ്യാറാക്കപ്പെട്ടുകൊണ്ടിരിക്കുന്നത് ! അതിനായിട്ടാണ്, അതിനു വേണ്ടി മാത്രമാണ്, വിശുദ്ധ കുർബാന എന്ന കൂദാശയ്ക്കു പുറമേ പൗരോഹിത്യം എന്ന വിശുദ്ധകൂദാശയും ഈ പെസഹാത്തിരുന്നാളിൽത്തന്നെ അവിടുന്ന് സ്ഥാപിച്ചു തന്നത് ! എന്നിട്ടോ, നമ്മുടെ കുർബാനയർപ്പണങ്ങളെങ്ങനെ? ബലിയർപ്പകനും ബലിവസ്തുവും അവിടുന്നു തന്നെയെന്നുള്ള അനുഭൂതിയിലേയ്ക്ക് കടന്നു പോവാൻ ആവുന്നില്ലല്ലോ, ദൈവമേ.തിരുസ്സഭ ആയിരം വട്ടം ഈ സത്യം ഉരുവിട്ടുപഠിപ്പിച്ചു തന്നിട്ടും. കാൽവരിയിലെ കുരിശിൻ ചുവട്ടിൽ നിൽക്കുന്ന അനുഭവം കുർബാനകളിൽ നമുക്ക് ഉണ്ടാവാത്തതെന്തേ? നമ്മുടെ ചങ്കുപിടയ്ക്കാത്തതെന്തേ ?വിശുദ്ധ കുർബാനയെ ചൂണ്ടി, മാധവിക്കുട്ടിയുടെ കഥയിലെ കുട്ടികൾ പറയുന്ന മട്ടിൽ 'നല്ല അസ്സല് ഭക്ഷണാ ഉണ്ടാക്കി വച്ചിരിക്കുന്നേ' എന്നൊന്നു പറയാൻ പോലും നമുക്ക് കഴിയാത്തത് എന്തുകൊണ്ട് ? ആവർത്തനത്താൽ എല്ലാം വിരസമാവുന്നുണ്ടോ നമുക്ക്.തമ്പുരാന്റെ മുമ്പിൽ പൊറുതിക്കായി മുട്ടുകുത്തുക, ഈ രാത്രിയിൽ.

## തുളുമ്പാത്തനിറകുടം

ബൈബിളിന്റെ മുഖ്യ സന്ദേശം തന്നെ ഇങ്ങനെയാകുന്നു - 'അവനെ അനുഗമിക്കുക'. അവൻ എന്നു വിശേഷിപ്പിക്കപ്പെടുന്ന പെസഹാകുഞ്ഞാടായ യേശു തന്നെ മറ്റൊരാളെ ചൂണ്ടി 'അവനെ അനുഗമിക്കുക'എന്ന് വിളിച്ച് പറയുന്ന കൗതുകവും ഇന്നത്തെ സുവിശേഷത്തിലുണ്ട്(ലൂക്ക 22:10).ജലകുംഭം ചുമക്കുന്ന പുരുഷനെയാണ് നമ്മൾ അനുഗമിക്കേണ്ടത്. ജലത്തിന് സ്വതേ ഉയർന്ന ഒരു മാനമാണല്ലോ വേദപുസ്തകത്തിൽ ഉള്ളത്.

ജലം പരിശുദ്ധാത്മാവ് തന്നെയാകുന്നു എന്ന് ബൈബിൾ പണ്ഡിതർ. 'ദൈവത്തിന്റെ ചൈതന്യം ജലത്തിനു മീതെ ചലിച്ചുകൊണ്ടിരുന്നു..' എന്ന് ഉൽപത്തി പുസ്തകത്തിലെ ആദ്യവാക്യങ്ങൾ. അങ്ങനെയെങ്കിൽ, ജലകുംഭം വഹിക്കുന്ന ഈ പുരുഷൻ, ത്രിത്വത്തിലെ പിതാവിൽ നിന്നും പുത്രനിൽ നിന്നും പുറപ്പെടുന്ന മൂന്നാമത്തെ ആളായ സഹായകനാവില്ലേ? എല്ലാ കാര്യങ്ങളും നമ്മെ പഠിപ്പിച്ച് തരുമെന്ന് യേശു തന്നെ പറഞ്ഞുവച്ച സാക്ഷാൽ പരിശുദ്ധാത്മാവ്? പെസഹാകുഞ്ഞാടായ ഈശോ, സ്വന്തം രക്തത്താൽ നേടിയെടുത്ത സഭയെ ഇന്നും നയിച്ചുകൊണ്ടിരിക്കുന്ന അതേ പരിശുദ്ധാത്മാവ് ?... അവനെയല്ലേ നമ്മൾ അനുഗമിക്കേണ്ടത് ?

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com